പാഠം 2

# അസ്വസ്ഥരായ മത്സരികൾ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: സംഖ്യാ. 11:1–33; 12:1–13; 13:27–33; 14:1–23; 14:39–45; 1 കൊരി. 10:1–11.**

**മന:പാഠവാക്യം: "ഇതു ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (1 കൊരി. 10:11).**

വലിയ ഭൂകമ്പങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് നായ്ക്കളും മറ്റുപല വളർത്തുമൃഗങ്ങളും വിചിത്രമായ അസ്വസ്ഥ പെരുമാറ്റരീതികൾ കാണിക്കുന്നത് നൂറ്റാണ്ടുകളായി പലരും പ്രസ്താവിച്ചു കേൾക്കുന്നുണ്ട്.

ഇപ്പോൾ ശാസ്ത്രജ്ഞർ തെളിയിച്ചിരിക്കുന്നത് ഭൂകമ്പത്തിനുമുമ്പുണ്ടായി വരുന്ന അമിതമർദ്ദതരംഗങ്ങൾ തിരിച്ചറിവാനുള്ള ഗ്രഹണശക്തി മൃഗങ്ങൾക്കുണ്ടെന്നാണ്. ഭൂമിക്കു പ്രകമ്പനം സംഭവിക്കുന്നതിമുമ്പുതന്നെ മൃഗങ്ങൾ കലങ്ങിമറിഞ്ഞരീതികളിൽ വിചിത്രമായി പെരുമാറുന്നതിന്റെ കാരണം ഇതായിരിക്കുമെന്നു വിശദീകരിക്കപ്പെടുന്നു. ആനകൾ തുടങ്ങി പല മൃഗങ്ങൾ ഭൂകമ്പത്തിനു മുമ്പുണ്ടാകുന്ന സൂക്ഷ്മ ചലനങ്ങളിൽനിന്നു പ്രവചിക്കുന്ന അതിസൂക്ഷ്മചലനതരംഗങ്ങൾ ഗ്രഹിച്ചറിവാൻ കഴിവുള്ളവയാണ്. ഇത് മനുഷ്യർക്കൊരിക്കലും സാദ്ധ്യമല്ല.

2011 ആഗസ്റ്റ് 23 ൽ 5.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം വാഷിംഗ്ടൺ ഡി.സി.യിൽ ഉണ്ടായപ്പോൾ അതിനു ചില മിനിറ്റുകൾ മുമ്പ് സ്മിത്ത് സോണിയർ ഇൻസ്റ്റിറ്റ്യൂഷന്റെ ദേശീയമൃഗശാലയിലെ ചില മൃഗങ്ങൾ വിചിത്ര പെരുമാറ്റങ്ങൾ കാണിക്കുകയുണ്ടായി. അക്കൂട്ടത്തിൽ മഡഗാസ്കറിൽ നിന്നുള്ള ചില കുരങ്ങുകൾ (ലിമെർ) ഭൂമി കുലുങ്ങുന്നതിനുമുമ്പ് പതിനഞ്ചു മിനിറ്റോളം ഉച്ചത്തിൽ വിളിക്കുന്നുണ്ടായിരുന്നു.

സാധാരണയുള്ള പ്രകൃതിക്ഷോഭങ്ങൾ കൊണ്ടല്ല, നേരെ വിപരീതമായി മാനവസമൂഹത്തിന്റെ അടിസ്ഥാന പാപപ്രകൃതികൊണ്ടുള്ള അസാധാരണ അസ്വസ്ഥതയെക്കുറിച്ചുള്ള ചില ഉദാഹരണങ്ങൾ ഈ ആഴ്ച നാം പഠനവിധേയമാക്കുകയാണ്. ഇങ്ങനെയുള്ളവരെല്ലാം ക്രിസ്തു നൽകുന്ന വിശ്രമത്തിലേക്കും ആശ്വാസത്തിലേക്കും വിശ്വാസത്തോട്ടം അനുസരണയോടും കൂടെ കടന്നു വരാൻ മനസ്സില്ലാത്തവരാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 10 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## അസ്വസ്ഥരായവർ മരുഭൂമിയിൽ

കനാൻ യാത്രാമദ്ധ്യേ സീനായ് വിട്ടുകഴിഞ്ഞപ്പോൾ അസ്വസ്ഥതയും അസന്തുഷ്ടിയും യിസ്രായേൽ ജനതയ്ക്കുണ്ടാകാമായിരുന്നു. മിസ്രയീം വിട്ടശേഷം ഇപ്പോൾ ഒരു വർഷത്തിലധികമായിക്കഴിഞ്ഞു (സംഖ്യാ. 1:1). വാഗ്ദത്തനാട്ടിൽ എത്തേണ്ട സമയം ആയിക്കഴിഞ്ഞു. അവരുടെ എണ്ണമെടുത്തു ക്രമീകരണം വരുത്തി. അവിശ്വാസനീയമാംവിധം ദൈവസാന്നിദ്ധ്യവും ദിവ്യകൃപയും അവർ നേരിട്ടു കാണുകയും ചെയ്യുന്നുണ്ട്. സീനായിയിൽനിന്നും പുറപ്പെട്ടശേഷം അടുത്ത പാളയമടിക്കുന്നതോടുകൂടെയവർ പിറുപിറുക്കാനും കുറ്റം പറവാനും തുടങ്ങി.

സംഖ്യാ. 11:1-15 വായിക്കുക. യിസ്രായേല്യരുടെ പിറുപിറുപ്പ് എന്തിനെപ്പറ്റിയായിരുന്നു?

മിസ്രയീമിലെ ഇറച്ചി, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവയെ ചൊല്ലിയവർ പിറുപിറുത്തു. "ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്രയീമിൽവെച്ചു വില കൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല!" (സംഖ്യാ. 11:4-6). അവിടെ അവർ നേരിട്ടിരുന്ന ക്രൂരമായ അടിമത്ത കഷ്ടപ്പാടുകളെല്ലാം മനസ്സിൽനിന്നു മാഞ്ഞുപോയി. ഭക്ഷണത്തെക്കുറിച്ചവർ ഓർത്തു കുറ്റം പറഞ്ഞു (പുറപ്പാട് ഒന്നാം അദ്ധ്യായം വായിച്ചു താരതമ്യം ചെയ്യുക). ഒരു വർഷത്തിലധികം ദൈവത്തിങ്കൽനിന്നുള്ള മന്നാകൊണ്ടവർ പോക്ഷിപ്പിക്കപ്പെട്ടു. എന്നിട്ടുമവർ വിശ്രമരഹിതരായി മറ്റെന്തിനോവേണ്ടി പിറുപിറുക്കയാണ്. ഇതു കേട്ടു മോശെയും പ്രയാസപ്പെട്ടു. അസ്വസ്ഥരായ ഒരു കൂട്ടത്തെ നിയന്ത്രിച്ചു നടത്തുന്നത് എളുപ്പമല്ല. പക്ഷേ, ആരുടെ അടുക്കലേക്കു തിരിയണമെന്നു മോശെക്കറിയാമായിരുന്നു. "നീ അടിയനെ വലച്ചതെന്ത്? നിനക്ക് എന്നോടു കൃപ തോന്നാതെ ഈ സർവ്വജനത്തിന്റെയും ഭാരം എന്റെമേൽ വെച്ചതെന്ത്?" എന്നു മോശെ ദൈവത്തോടു ചോദിക്കുന്നു (സംഖ്യാ. 11:11).

ഈ പിറുപിറുപ്പിനോടു ദൈവം എങ്ങനെ പ്രതികരിച്ചു? സംഖ്യാ. 11:16-33 വായിക്കുക.

നാം വിശ്രമില്ലാതാകുമ്പോഴും ദൈവം നമ്മുടെ ആവശ്യങ്ങളിൽ അശ്രദ്ധനാകുന്നില്ല. ഇറച്ചിക്കുവേണ്ടിയുള്ള അവരുടെ നിലവിളിയിൽ ദൈവം അവർക്കു കാടപ്പക്ഷികളെ നല്കി. എന്നാൽ ഇസ്രായേലിന്നു വേണ്ടതായ ഇറച്ചി യഥാർത്ഥത്തിൽ അതല്ലായിരുന്നു. നാം അസന്തുഷ്ടരും അടക്കമില്ലാത്തവരും കോപിഷ്ടരുമായിത്തീരുമ്പോൾ എന്തിനെച്ചൊല്ലിയാണു നമുക്കു കോപം ജ്വലിക്കുന്നത് എന്നതു വെറുമൊരു സ്ഫോടകവസ്തു മാത്രമാണ്. മത്സരകാരണം അതല്ല ആഴമായി അടിഞ്ഞുകൂടിയിരിക്കുന്നതും അടിസ്ഥാനബന്ധങ്ങളെ ഉലയ്ക്കുന്നതുമായ എന്തോ ഒന്നാണു കാരണം. ദൈവനടത്തിപ്പിനെതിരേ യിസ്രായേൽ മത്സരിച്ചു. ഇതിൽ നമ്മളും അതിയായി ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ തല്ക്കാല സാഹചര്യവും സന്ദർഭവും പ്രശ്നമല്ല. ചിന്തിക്കുന്നതിനെക്കാളും വലുതായി നാം വേണ്ടാത്തതു ചെയ്തിരിക്കും.

**യഥാർത്ഥത്തിൽ ആയിരുന്നതിനു വിരുദ്ധമായി കഴിഞ്ഞകാലങ്ങളെക്കുറിച്ചു ചിന്തിക്കുന്നത് എന്തുകൊണ്ട് എളുപ്പമാണ്?**

## അതു സാംക്രമികമാണ്

**സംഖ്യാ. 12:1–3 വായിക്കുക. അഹരോനും മിര്യാമും ഇളകി മറിഞ്ഞതെന്തുകൊണ്ട്?**

മോശെയുടെ ഭാര്യ കൂശ്യസ്ത്രീ ആയിരുന്നതുകൊണ്ടു മിര്യാമും അഹരോനും അസന്തുഷ്ടരായിരുന്നുവെന്നു ബാഹ്യദൃഷ്ട്യാതന്നെ കാണാവുന്നതാണ്. സിപ്പോറ മിദ്യാന്യ വംശത്തിൽപ്പെട്ട പുറജാതി സ്ത്രീ ആയിരുന്നു (പുറ. 3:1). യിസ്രായേലിൽപ്പെട്ട അതിശ്രേഷ്ഠരിൽപോലും വീഴ്ച ഭവിച്ച അവസ്ഥ വ്യക്തമായി കാണാം. അതൊക്കെ ഒരിക്കലും നല്ലതുമല്ല. ഇതൊക്കെ കപടന്യായവാദമെന്നു തിരുവെഴുത്തു വ്യക്തമാക്കുന്നുമുണ്ട്. അവരുടെ കുറ്റാരോപണത്തിന്നാധാരം പ്രവചനവരമാണ്. ജനത്തിനു നേതൃത്വം കൊടുക്കുന്നതിൽ മോശെയ്ക്കു സഹായത്തിനായി വേറെ എഴുപതുപേരെക്കൂടെ ജനത്തിൽനിന്നു തിരഞ്ഞെടുപ്പാൻ ദൈവം ആവശ്യപ്പെട്ടതായി ഇതിനു മുൻ അദ്ധ്യായത്തിൽ നാം കാണുന്നുണ്ട് (സംഖ്യാ. 11:16,17, 24, 25). അഹരോനും മിര്യാമും പ്രധാനപ്പെട്ട നേതൃത്വനിരയിൽത്തന്നെയാണ് (പുറ. 4:13–15; മീഖാ. 6:4). എന്നിട്ടും ഇപ്പോൾ അവർ പുതിയ നേതൃത്വ വിപുലീകരണത്തിൽ ഭയപ്പാടിലായിരിക്കുന്നു. അവർ പറയുന്നത്: "യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിചെയ്തിട്ടുള്ളൂ" എന്നാണ് (സംഖ്യാ. 12:2).

ഈ ആരോപണത്തെ ദൈവം എങ്ങനെ നേരിട്ടു? സംഖ്യാ. 12:4–13 വായിക്കുക. ഇത്ര തുറന്ന തീരുമാനത്തോടെ ദൈവം പ്രതികരിച്ചതെന്തുകൊണ്ടെന്നുള്ളതിൽ നിങ്ങൾക്ക് എന്തുതോന്നുന്നു?

ദൈവപ്രതികരണം വളരെ വേഗത്തിലായിരുന്നു. അതിൽ മറ്റു വ്യാഖ്യാനങ്ങൾക്ക് ഇടമില്ല. പ്രവചനദാനമെന്നത് അധികാരം ഉറപ്പിക്കേണ്ടതിനുള്ള ഒരായുധമല്ല. നേതൃത്വം വഹിപ്പാൻ മോശെ യോഗ്യനായതിന്റെ കാരണം താൻ ദൈവത്തിൽ എത്രമാത്രം പരിപൂർണ്ണ ആശ്രയം വെച്ചിരിക്കുന്നുവെന്നു പഠിച്ചതിൽകൂടെ മാത്രമാണ്. മോശെയുടെ മേൽ ആരോപണം ചൊരിയേണ്ടതിന് ആരംഭം കുറിച്ചതു മിര്യാം ആയിരിക്കാമെന്നതിനാലാണ് സംഖ്യാ.12:1 ൽ മിര്യാമിന്റെ പേര് അഹരോന്റെ പേരിനു മുമ്പെ പറഞ്ഞിരിക്കുന്നത്. ഈ സമയം അഹരോൻ ഇസ്രായേൽ മക്കളുടെ മഹാപുരോഹിതനായി സേവനം ചെയ്കയുമായിരുന്നു. അവനു കുഷ്ഠബാധ ഏറ്റിരുന്നെങ്കിൽ ജനത്തിനുവേണ്ടിയുള്ള ശുശ്രൂഷയിൽ കൂടാരപ്രവേശനം സാദ്ധ്യമാകയുമില്ല. ഈ കുടുംബത്തിന്മേൽ ഭാവവ്യതിയാനം വരുത്തുന്നതിനു ദൈവം കൊടുത്ത ശിക്ഷ ദൈവത്തിന്റെ അപ്രീതിയെ വെളിപ്പെടുത്തുന്നു. അവൾക്കുവേണ്ടിയുള്ള അഹരോന്റെ അഭ്യർത്ഥന വെളിപ്പെടുത്തുന്നത് അവനും തെറ്റുകാരനായിരുന്നുവെന്നാണ് (സംഖ്യാ. 12:11). വിമർശനത്തിനും വിശ്രമരാഹിത്യത്തിനും രണ്ടുപേർക്കുംവേണ്ടിയുള്ള മോശെയുടെ മദ്ധ്യസ്ഥതയും ഇപ്പോൾ നാം കാണുന്നു (സംഖ്യാ. 12:11–13). ഈ മനോഭാവം തന്റെ ജനത്തിൽ ഉണ്ടായിക്കാണാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം കേട്ടു മിര്യാമിനെ സൗഖ്യമാക്കുന്നതും നാം കാണുന്നു.

ഏതുനിരയിലുള്ള നേതൃത്വത്തിനെതിരെയും വിമർശനം ആരോപിക്കുന്നത് എളുപ്പമാണെങ്കിലും നാം വിയോജിക്കുന്നെങ്കിൽപോലും കുറ്റാരോപണത്തിനു പകരം അവർക്കെല്ലാംവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിച്ചുകൊണ്ട് അഭയയാചനകഴിക്കുന്നതു നമ്മുടെ സ്വന്ത ആത്മിക അവസ്ഥയ്ക്കും സഭയ്ക്ക് ആകമാനവും എത്ര നന്നായിരിക്കുമായിരുന്നു?

## അസ്വസ്ഥത മത്സരത്തിലേക്കു നയിക്കുന്നു

വ്യക്തമായ പ്രസ്താവനയോടുകൂടെ കഥ ആരംഭിക്കുന്നു. ഇസ്രയേല്യർ കനാൻ നാടിന്റെ അതിരിങ്കലെത്തി. ദേശം ഉറ്റുനോക്കി വരുന്നതിനു പന്ത്രണ്ടുപേരെ തിര ഞ്ഞെടുത്ത് അയച്ചു. അവർകൊണ്ടു വന്ന വൃത്താന്തങ്ങൾ അസാധാരണ തരമായി രുന്നു.

ഇതു സംഖ്യാ. 13:27–33 വരെ വായിക്കുക. ഇസ്രായേലിന്റെ പ്രതീക്ഷ എവിടെ യാണു തട്ടിത്തകർന്നത്?

കാലേബ് ജനത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും സംശയാലുക്കളും അവി ശ്വാസികളുമായവർ പ്രാബല്യം പ്രാപിച്ചു. ദൈവം അവർക്കു വാഗ്ദത്തം ചെയ്ത തിനെ പിടിച്ചെടുക്കുവാനല്ല അവർ അയക്കപ്പെട്ടത്. വിജയഘോഷത്തോടെ നടക്കു ന്നതു ഭാവന ചെയ്യുന്നതിനു പകരമവർ നിരാശപൂണ്ടു കരച്ചിലും നിലവിളിയും പിറു പിറുപ്പും തുടങ്ങി. ഹൃദയത്തിൽ സമാധാനമില്ലാതാകുമ്പോൾ വിശ്വാസത്തിൽ ഉട ലെടുക്കുന്ന ഈ അസ്വസ്ഥത നമ്മുടെ വികാരങ്ങളെ മാത്രമല്ല ബാധിക്കുന്നത്. ശാസ്ത്രജ്ഞർ പറയുന്നത് ഒന്നിന്റെ കാരണവും അതിന്റെ പരിണിതഫലവും തമ്മിൽ അഭേദ്യബന്ധമുണ്ടെന്നാണ്. വിശ്രമിക്കാനാവാതെ ഉറക്കക്കുറവും തെറ്റായ തിരഞ്ഞെ ടുപ്പുകളും നിമിത്തം അമിതവണ്ണം, ലഹരികൾക്കടിമത്വം, അസ്വസ്ഥത, അസ്സന്തുഷ്ടി എന്നിവ കടന്നുവരുന്നു.

സംഖ്യാ. 14:1–10 വായിക്കുക. പിന്നെ എന്തു സംഭവിച്ചു? തെറ്റായതിൽനിന്ന് അതി മ്ലേച്ഛമായവയിലേക്കു കാര്യങ്ങൾ നീങ്ങുന്നു. “യഹോവയോടു നിങ്ങൾ മത്സരിക്ക മാത്രം അരുത്” എന്നുള്ള കാലേബിന്റെ അഭ്യർത്ഥന ജനം മാനിച്ചില്ല. കൂട്ടമെല്ലാം ചേർന്നു നേതാക്കളെ കല്ലെറിയാൻ ഒരുങ്ങുകയായിരുന്നു. അശാന്തത മത്സരത്തി ലേക്കും മത്സരം മരണത്തിലേക്കും എത്തിക്കുന്നു.

“വിശ്വാസരഹിതരായ ഒറ്റുകാർ കാലേബിന്റെയും യോശുവയുടെയും നേരെ അട്ട ഹസിച്ചാർത്തുകൊണ്ട് അവരെ കല്ലെറിവാൻ ആഹ്വാനം മുഴക്കി. മാനസിക വിഭ്രമ ത്തിലായ ജനം വിശ്വസ്തരായ അവരെ കൊല്ലുവാൻ മുന്നോട്ടാഞ്ഞു. ഭ്രാന്തുപി ടിച്ചു കല്ലുകളുമായി ജനം മുന്നോട്ടടുത്തപ്പോൾത്തന്നെ കരങ്ങളിൽനിന്നു കല്ലുകൾ വീണുപോകയും ഭയപ്പാടിലായ അവർ അമ്പരന്നു വിറകൊള്ളുകയും ചെയ്തു. അവ രുടെ കൊലപാതകശ്രമത്തെ വിഫലമാക്കുവാൻ ദൈവം ഇടപെട്ടു. അഗ്നിജ്വാല പോലെ ദൈവസാന്നിദ്ധ്യം കൂടാരത്തിൽ ശോഭിച്ചു. ദൈവസാന്നിദ്ധ്യം കണ്ടു ജനം വിസ്മയിച്ചു. അവരെക്കാളെല്ലാം ശക്തനായ സർവ്വശക്തൻ ഇടപെട്ടെങ്കിലും ജനം തങ്ങളുടെ മത്സരം തുടർന്നു. ദൂരാലോചന പ്രചരിപ്പിച്ച ഒറ്റുകാർ ഭയന്നു നിലംപറ്റി ഇഴഞ്ഞുകൊണ്ടു വട്ടുപിടിച്ചു പാളയത്തിലേക്കോടി. PP, P. 390

ആ നിമിഷംതന്നെ ദൈവസാന്നിദ്ധ്യം പരസ്യമായി പ്രതിഫലിച്ചു. സംഖ്യാ. 14 ൽ ഈ കഥ വായിക്കുമ്പോൾ ആ സന്ദർഭം തണുത്തുറഞ്ഞതുപോലെ കാണപ്പെ ടുകയും ദൈവം പിന്നെ മോശെയോടു സംസാരിക്കുകയും ചെയ്യുന്നു. ജനം എറി യുവാനെടുത്ത കല്ലുകൾ മോശെയ്ക്കും കാലേബിനും യോശുവയ്ക്കും നേർക്കാ യിരുന്നെങ്കിലും അന്തിമമായ അവരുടെ മത്സരം ദൈവത്തിനെതിരായിരുന്നു.

## ഒരു മദ്ധ്യസ്ഥൻ

ഈ മത്സരത്തിന്റെ മദ്ധ്യേ ദൈവം മോശെക്കുകൊടുക്കുന്ന ഒരു പ്രത്യേക അവസരം എന്താണ്? സംഖ്യാ. 14:11,12.

ഈ ജനത്തെ മുഴുവൻ സംഹരിച്ചുകളഞ്ഞിട്ടു മോശെയെ പിതാവാക്കി ഒരു ജനത്തെ ഒരുക്കാമെന്നു ദൈവം മോശെയോടു പറഞ്ഞു. ദൈവത്തിനെതിരെയുള്ള ഈ ജനത്തിന്റെ മത്സരത്തെ പരമാർശിച്ചുള്ള മോശെയുടെ പ്രതികരണം എന്തായിരുന്നു? സംഖ്യാ. 14:13–19.

ഒരു യഥാർത്ഥ ദൈവ മനുഷ്യനെ കാണുന്ന നിമിഷമാണിത്. മോശെയുടെ ഉത്തരം കാലചക്രത്തിൽ തണുത്തുപോയെങ്കിലും കാത്തിരുന്ന മദ്ധ്യസ്ഥൻ ആയിരത്തി നാനൂറു വർഷങ്ങൾക്കധികം കഴിഞ്ഞാണെങ്കിലും കടന്നുവന്നു തന്റെ ശിഷ്യന്മാർക്കുവേണ്ടി മദ്ധ്യസ്ഥനായി നിലകൊണ്ടു അഭയയാചന കഴിച്ചു (യോഹ. 17 വായിക്കുക). അനേകം മതതത്വശാസ്ത്രകാരന്മാരും വേദവിദ്യാർത്ഥികളും ക്രിസ്തു നമുക്കുവേണ്ടി ചെയ്യുന്നതിന്റെ ഒരു മാതൃക ഇവിടെ മോശെ ചെയ്തതിൽ കാണുന്നുണ്ട്. അവരുടെ പാപങ്ങളും നമ്മുടെ പാപങ്ങളും ചോദ്യം ചെയ്യപ്പെടുന്നില്ല. എന്നാലും മോശെ യാചിക്കുന്നത് "നിന്റെ മഹാദയക്കുതക്കവണ്ണം" ഈ ജനത്തോടു ക്ഷമിക്കണമേ എന്നാണ് (സംഖ്യാ. 14:19). മോശെയുടെ മദ്ധ്യസ്ഥതയിലുള്ള അഭയയാചന ദൈവം കേട്ടതുപോലെ നമുക്കുവേണ്ടിയും യേശുവിന്റെ മരണം, ഉയിർപ്പ്, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ മൂലമുള്ള അപേക്ഷ ദൈവം കൈക്കൊള്ളുന്നു.

മോശെയുടെ മദ്ധ്യസ്ഥത ഇപ്രകാരമായിരുന്നു: "നിന്റെ മഹാദയക്കു തക്കവണ്ണം മിസ്രയീം മുതൽ ഇവിടംവരെ ഈ ജനത്തോടു നീ ക്ഷമിച്ചുവന്നതുപോലെ ഈ ജനത്തിന്റെ അകൃത്യം ക്ഷമിക്കണമേ" (സംഖ്യാ. 14:19). മത്സരത്തോടും അശാന്തിയോടുമുള്ള പോരാട്ടത്തിൽ കൃപ അതിനെ അതിന്റെ ഉൾക്കാമ്പിൽവെച്ചുതന്നെ നശിപ്പിച്ചുകളയുന്നു. അവർക്കു പുതിയൊരു തുടക്കം ക്ഷമമൂലം ലഭ്യമാകുന്നു.

എന്നാലും അതിനെല്ലാം അതിന്റെ വിലകളുണ്ട്. കൃപയെന്നത് ഒരിക്കലും വിലയില്ലാത്തതല്ല. ക്ഷമിച്ചുകൊടുക്കപ്പെട്ടു എങ്കിലും ആ മനുഷ്യർ അവരുടെ മത്സരഫലം കൊയ്യേണ്ടതുണ്ട്. ആ തലമുറ ഒരിക്കലും വാഗ്ദത്തദേശത്തിൽ കാലുകുത്തുകയില്ല (സംഖ്യാ. 14:20–23). അതെ, ദൈവം അവരെ പിന്നെയും മപ്പത്തിയെട്ടു വർഷക്കാലം മരുഭൂമിയിൽ ചുറ്റിനടത്തി. അവർക്കു ദൈവം ഭക്ഷണവും കൊടുത്തു. സമാഗമനകൂടാരത്തിൽവച്ചു ദൈവം അവരോടു സംസാരിച്ചു. മരുഭൂമിയിൽ ദൈവം അവരോടൊത്തു സഞ്ചരിച്ചു. എന്നാലും അവർ മരുഭൂമിയിൽ മരിക്കും. പുതിയൊരു തലമുറ വാഗ്ദത്തദേശം അവകാശമാക്കും.

അതൊരു ന്യായവിധിപോലെതന്നെയായിരുന്നു. എങ്കിലും അതു കൃപയിൽമാത്രം ആയിരുന്നു. ദൈവത്തിൽ സർവ്വവിധ ആശ്രയവും അർപ്പിപ്പാൻ പഠിക്കാത്ത ഒരു തലമുറ എങ്ങനെ നാട്ടിലെ അധികാര പ്രമത്തമായ നഗരസംസ്ഥാനങ്ങളെ ആക്രമിച്ചു കീഴടക്കും. അവർ തന്നെത്താൻ ഇരുട്ടിൽ തകിടം മറിഞ്ഞുവീഴുമ്പോൾ അവർക്കു ചുറ്റുപാടുമുള്ള രാജ്യങ്ങളിൽ എങ്ങനെ പ്രകാശമായിരിക്കുവാനാകും.

**ക്ഷമിച്ചുകിട്ടിയ പാപത്തിന്റെ അനന്തരഫലത്തെക്കുറിച്ചുള്ള എത്ര കഠിനമായ പാഠങ്ങൾ നിങ്ങൾ പഠിച്ചുകഴിഞ്ഞു?**

## വിശ്വാസവും അനുമാനവും

യിസ്രയേലിന്റെ മരുഭൂപ്രയാണവും യേശു വീണ്ടും വരുന്നതിനുമുമ്പുള്ള ദൈവജനത്തിന്റെ രീതികളും തമ്മിൽ എന്തെല്ലാം സാമ്യങ്ങൾ നിങ്ങൾ കാണുന്നുണ്ട്? (1 കൊരി. 10:1–11 വരെ വായിക്കുക).

വാഗ്ദത്തനാടു നോക്കി യാത്രചെയ്യുന്ന ദൈവജനം മരുഭൂയാത്രയെന്ന അനുഭവത്തിൽക്കൂടെ കടന്നുപോകുന്നതിനെക്കുറിച്ച് ചരിത്രത്തിലുടനീളം നാം കാണുന്നുണ്ട്. മരുഭൂമിക്കു പല മുഖങ്ങളുണ്ട്. ഇപ്പോൾത്തന്നെ കാണപ്പെടുന്ന അന്തമില്ലാത്ത മദ്ധ്യമനിരകൾ, തുടരെത്തുടരെ സന്ദേശങ്ങളെത്തുന്ന നിരന്തര ബീപ് ശബ്ദങ്ങൾ, രമിപ്പിക്കുന്ന വിനോദ തമാശകളുടെ അട്ടഹാസങ്ങൾ എന്നിങ്ങനെ എന്തെല്ലാം? നമ്മുടെ പ്രശ്നങ്ങൾക്കുത്തരമായി സ്നേഹവും ലൗകിക ഭോഗാസക്തികളുംകൂട്ടിക്കലർത്തിയുള്ള അശ്ലീല സാഹിത്യങ്ങളും അസഭ്യചിത്രങ്ങളും വില്പന നടത്തുന്നു. നമ്മൾ ഒരല്പം മിടുക്കരും യുവത്വമുള്ളവരും സമൃദ്ധരും കാമാസക്തരുമൊക്കെയാണെങ്കിൽ നമ്മുടെ സകല പ്രശ്നങ്ങൾക്കും പരിഹാരമുണ്ട്.

പുരാതന യിസ്രായേല്യരെപ്പോലെ നമ്മൾ സമാധാനത്തിനുവേണ്ടി അലയുന്നവരായി അസ്വസ്ഥതയോടുകൂടെ അതിനുവേണ്ടി തെറ്റായ ഇടങ്ങളിൽ പരതുന്നു.

സംഖ്യാ. 14:39–45 വരെയുള്ള ഭാഗത്ത് ദൈവിക ന്യായവിധിയിൽ യിസ്രായേല്യരുടെ പ്രതികരണം എങ്ങനെയായിരുന്നു?

ദൈവിക ന്യായവിധിയിൽ യിസ്രായേലിന്റെ പ്രതികരണം അവരുടെ തനിസ്വഭാവം കാണിക്കുന്നതുതന്നെയായിരുന്നു. "ഇതാ യഹോവ ഞങ്ങൾക്കു ചൊല്ലിയിരിക്കുന്ന സ്ഥലത്തേക്കു ഞങ്ങൾ കയറിപ്പോകുന്നു; ഞങ്ങൾ പാപം ചെയ്തുപോയി" എന്നവർ പറഞ്ഞു (സംഖ്യാം. 14:40). പകുതി മനസ്സോടെയുള്ള സമർപ്പണം തെറ്റായരീതിയിലുള്ള രോഗപ്രതിരോധ ചികിത്സപോലെയാണ്. അതു ഫലിക്കയില്ല. ഹെപ്പറ്റൈറ്റിസ് ബി രോഗത്തിനു പ്രയോഗിക്കുന്ന പ്രതിരോധമരുന്ന് ജനിച്ച് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ശിശുവിനു കൊടുത്തിരിക്കണം. അതു നല്ലൊരു തുടക്കമാണ്. തുടർന്നുള്ള രണ്ടോ മൂന്നോ ശക്തിയേറിയ ഡോസ് കൂടെ കൃത്യസമയങ്ങളിൽ കൊടുത്തില്ലായെങ്കിൽ പ്രയോജനം ചെയ്കയില്ല.

സംഖ്യാ. 14 ന്റെ അവസാനം കാണപ്പെടുന്ന രീതിയിലുള്ള യിസ്രായേലിന്റെ മത്സരം ദൈവപദ്ധതി ഉൾക്കൊള്ളാതെയും നിയമപെട്ടകം കൂടാതെയും മോശെയുടെ നേതൃത്വം അംഗീകരിക്കാതെ ശാഠ്യത്തോടെയുമായിരുന്നു. അതു നിരാശയിലും മരണത്തിലും അവസാനം എത്തിച്ചേർന്നു.

അനുമാനം ചെലവേറിയതും മരണത്തിൽ എത്തിക്കുന്നതുമാണ്. പലപ്പോഴും അനുമാനം ഭയത്തിൽനിന്നു ശക്തിയാർജ്ജിക്കുന്നു. നമുക്കെന്തിനെയെങ്കിലും ഭയമുണ്ടെങ്കിൽ നാം ചില തീരുമാനങ്ങളെടുക്കുകയും അത് അവസാനം നമ്മെ പിന്നോക്കം തിരിക്കുകയും ചെയ്യും.

**വിശ്വാസത്തിൽ നിങ്ങൾ എന്തെങ്കിലും പ്രവർത്തിച്ച സന്ദർഭത്തെയും അനുമാനത്തിൽ പ്രവർത്തിച്ച സമയത്തെയുംപ്പറ്റി ചിന്തിച്ചുനോക്കുക, രണ്ടും തമ്മിലുള്ള നിർണ്ണായക വ്യത്യാസം എന്താണ്?**

## കൂടുതൽ ആശയങ്ങൾ:

"പാപ പെരുമാറ്റത്തിൽ അവർ ആത്മാർത്ഥമായി അനുതപിക്കുകയാണെന്ന് ഇപ്പോൾ തോന്നിയെങ്കിലും അത് അവരുടെ തെറ്റായ പ്രവൃത്തിയുടെ അനന്തരഫലത്തെപ്പറ്റിയുള്ളതുമാത്രമായിരുന്നു. അവരുടെ നന്ദികേടിന്റെയും അനുസരണക്കേടിന്റെയും അടിസ്ഥാനത്തിലായിരുന്നില്ല അത്. തന്റെ തീരുമാനത്തിൽനിന്നു ദൈവം പിന്മാറുന്നവനല്ലായെന്നു കണ്ടപ്പോൾ അവരുടെ സ്വയേച്ഛ വീണ്ടും ഉണരുകയും അവർ ഇനിയും മരുഭൂമിയിലേക്കു മടങ്ങുകയില്ലായെന്നു സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. തങ്ങളുടെ ശത്രുദേശത്തവർ കടക്കേണ്ടതില്ലായെന്നും അതിൽനിന്നും പിന്മാറിയിരിപ്പാനുമുള്ള ദൈവകല്പന കൊണ്ട് അവരുടെ സമർപ്പണം വെറും പുറം മോടി മാത്രമാണെന്നും അതു വാസ്തവ വിരുദ്ധമാണെന്നും തെളിയിക്കപ്പെട്ടു. ക്ഷിപ്രകോപത്തിനവർ അടിമപ്പെട്ടുപോയതു നിമിത്തം ദൈവത്തെ അനുസരിച്ച ഒറ്റുനോക്കുകാരെ കൊല്ലണമെന്നവർ തീരുമാനിച്ചത് ഒരു ഭയാനക കുറ്റമാണെന്നും അതിന്റെ അനന്തരഫലം അവർക്കു ദോഷകരമാവുമെന്നും അവർ കണ്ടെത്തി. ഹൃദയമാറ്റം അശ്ശേഷം അവർക്കുണ്ടായില്ല. ഇപ്രകാരമുള്ള അവരുടെ പ്രതികരണങ്ങൾക്ക് ഒഴികഴിവുവേണമെന്നേ അവർക്കുണ്ടായിരുന്നുള്ളൂ. ദൈവിക അധികാരത്തിന്മേൽ അവർ മരുഭൂമിയിലേക്കു തിരിയേണ്ടതാണെന്നുള്ള മോശെയുടെ നിർദ്ദേശം വന്നപ്പോൾ ഇക്കാര്യം വ്യക്തമായി വെളിപ്പെട്ടുവരികയായിരുന്നു" PP, P. 391.

പക്ഷേ വിശ്വാസം ഒരിക്കലും അനുമാനവുമായി യോജിക്കുന്നില്ല. ശക്തമായ വിശ്വാസമുള്ളവൻ മാത്രം അനുമാനത്തിൽനിന്ന് ഒഴിഞ്ഞു സുരക്ഷിതമായിരിക്കും. വിശ്വാസത്തിനെതിരെയുള്ള സാത്താന്റെ കപടസൃഷ്ടിയാണ് അനുമാനം. വിശ്വാസം ദൈവവാഗ്ദത്തങ്ങളിൽ അടിയുറച്ചതും അനുസരണയിൽക്കൂടെ ഫലം പുറപ്പെടുവിക്കുന്നതുമാണ്. അനുമാനവും വാഗ്ദത്തങ്ങളെ ഉൾക്കൊള്ളുമെങ്കിലും അവയെ ഉപയോഗപ്പെടുത്തുന്നത് സാത്താൻ ചെയ്യുന്നതുപോലെയാണ്. ലംഘനങ്ങൾക്കുള്ള ഒഴിവുകഴിവായി മാത്രം. ദൈവസ്നേഹത്തിൽ ഉറച്ചുനില്പാനും ദൈവകല്പന അനുസരിപ്പാനും നമ്മുടെ ആദ്യമാതാപിതാക്കളെ വിശ്വാസം ഉറപ്പിക്കേണ്ടതായിരുന്നു. ദൈവികനിയമം ലംഘിക്കുവാൻ അനുമാനം അവരെ നയിച്ചുകളഞ്ഞു. അവരുടെ പാപത്തിന്റെ അനന്തരഫലത്തിൽനിന്നു ദൈവസ്നേഹം അവരെ രക്ഷിച്ചുകൊള്ളുമെന്നവർ കരുതിപ്പോയി. കൃപ ചൊരിയപ്പെടേണ്ട അവസ്ഥകളെ ദൂരെയകറ്റിക്കൊണ്ടു സ്വർഗ്ഗത്തിന്റെ കടാക്ഷം പിടിച്ചുപറ്റാമെന്നു മോഹിക്കുന്നതു വിശ്വാസമേയല്ല. യഥാർത്ഥ വിശ്വാസത്തിന്റെ അടിസ്ഥാനം തിരുവെഴുത്തിലെ വാഗ്ദത്തങ്ങളിലും വ്യവസ്ഥകളിലുമാണ്" DA, P. 126.

## ചർച്ചാചോദ്യങ്ങൾ

1. **വിശ്വാസവും അനുമാനവും തമ്മിലുള്ള വ്യത്യാസം ചർച്ചയ്ക്കെടുക്കുക. കനാൻ നാടിനെ ജയിച്ചടക്കുന്നത് ഒരു വിശ്വാസപ്രവൃത്തിയായും പിന്നീട് യിസ്രായേല്യർ ആക്രമണത്തിനിറങ്ങിയപ്പോൾ ഒരു അനുമാനം മാത്രമായും മാറിയതെന്തുകൊണ്ട്? ആന്തരോദ്ദേശ്യവും ചുറ്റുപാടുകളും വിശ്വാസവും അനുമാനവും തമ്മിലുള്ള വ്യത്യാസത്തിൽ വലിയൊരു പങ്കു വഹിക്കുന്നതെങ്ങനെ?**

2. **പാപം ക്ഷമിക്കപ്പെടുമെങ്കിലും നാം പലപ്പോഴും പാപത്തിന്റെ അനന്തരഫലങ്ങൾ നേരിട്ടുകൊണ്ടുതന്നെ ജീവിക്കണമെന്നുള്ള വസ്തുത വിലയിരുത്തുക. ഒരു പാപം ക്ഷമിക്കപ്പെട്ടു കഴിഞ്ഞുവെന്നും അതിന്റെ അനന്തരഫലം നേരിട്ടുകൊണ്ടിരിക്കുന്നുവെന്നും ചിന്തിക്കുന്ന ഒരാളെയോ ആ വ്യക്തിയുടെ സ്നേഹിതരെയോ നിങ്ങൾക്കെങ്ങനെ സഹായിക്കാനാകും?**